# മഴവില്ല്

ഡിജിറ്റൽ മാഗസിൻ

2018 - 19

ലിറ്റിൽ കൈറ്റ്സ്

എഴിപ്പുറം എച്ച്.എസ്.എസ്
പാരിപ്പള്ളി,കൊല്ലം-691574
Ph:-04742572777



## ആമുഖം

പ്രിയപ്പെട്ടവരേ,

മാറ്റത്തിന്റെ കാഹളം മുഴക്കിക്കൊണ്ട് വിദ്യാഭ്യാസമേഖലയിൽ നൂതന മാറ്റം വന്നുകൊണ്ടിരിക്കുന്നു.

ഞങ്ങളും ഈ മാറ്റത്തെ സ്വീകരിക്കുന്നു. എഴിപ്പുറം ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ "മഴവില്ല്" എന്ന ഡിജിറ്റൽ മാസിക നിങ്ങൾക്കായി സവിനയം സമർപ്പിക്കുന്നു. പൂർണമാണെന്ന് അവകാശപ്പെടാതെ നൂതന സംരഭം എന്ന നിലയിൽ മുന്നോട്ടുള്ള വഴിയിൽ എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകണമെന്ന്

അഭ്യർത്ഥിക്കുന്നു.......

# ആശംസ

## മാനേജർ




**അംബിക പത്മാസനൻ**

**സംസ്ഥാന സർക്കാർ നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിന്റെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ആയി മാറിയിട്ടുണ്ട്.**

**എഴിപ്പുറം എച്ച്.എസ്.എസ് ലിറ്റിൽ കൈറ്റ് കൂട്ടായ്മയുടെ "മഴവില്ല്" എന്ന പേരിലുള്ള ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു ...........**

# പ്രഥമ അധ്യാപകൻ




**ശ്രീ. യൂസഫ് ചേലപ്പള്ളി**

എഴിപ്പുറം ഹയർസെക്കന്ററി സ്കൂളിലെ മുഴുവൻ ക്ലാസ്സ് മുറികളും ഹൈടെക് ആക്കി മാറ്റിയതിലൂടെ സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും IT അധിഷ്ഠിത പഠനം ഉറപ്പുവരുത്തുവാൻ സാധിച്ചു എന്നത് അഭിമാനാർഹമായ നേട്ടമാണ്.

വിവര സാങ്കേതിക വിദ്യയുടെ നൂതന സങ്കേതങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിൽ സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മഹത്തായ പങ്കാണ് വഹിക്കുന്നത്.

"ലിറ്റിൽ കൈറ്റ്സ്" എഴിപ്പുറം ഹയർസെക്കന്ററി സ്കൂൾ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനായ "മഴവില്ല്"-ന് എല്ലാ വിധ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു

എച്ച്.എം
യൂസഫ് ചേലപ്പള്ള

# ചാത്തന്നൂർ സബ്ജില്ല കോഡിനേറ്റർ



ശ്രീമതി : ഗ്രേസമ്മ ജോൺ

"മഴവില്ല്" എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ, എഴിപ്പുറം എച്ച്.എസ്.എസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു...............

Editor's Desk :-

## S.I.T.C



**Sumesh Sugathan**
**Little Kite Master**

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ശ്രമഫലമായി തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന്റെ തെറ്റുകുറ്റങ്ങൾ സദയം ക്ഷമിക്കണം എന്ന

അപേക്ഷയാൽ, നമ്മുടെ സ്കൂളിന്റെ ആദ്യ ഡിജിറ്റൽ മാഗസിനായ

"മഴവില്ല്" ഞാൻ നിങ്ങൾക്കായി

സമർപ്പിക്കുന്നു..............




# എഡിറ്റോറിയൽ ബോർഡ്

## സ്റ്റാഫ് എഡിറ്റേഴ്സ്

സുമേഷ് എസ് ( ലിറ്റിൽ കൈറ്റ് മാസ്റ്റർ )

സൗമ്യ ആർ എസ് (ലിറ്റിൽ കൈറ്റ് മിസ്ട്രസ്)

## സ്റ്റുഡന്റ് എഡിറ്റേഴ്സ്

ആസിയ എച്ച്

അഭിനവ് പ്രസാദ്

സാന്ദ്ര എസ്

*desining*

സുമേഷ്. എസ്

**SITC**

# എഴിപ്പുറം എച്ച്.എസ്.എസ്, പാരിപ്പള്ളി








# ഉള്ളടക്കം


ലിറ്റിൽ കൈറ്റ്സ് ..........................................10

അമ്മതൻ കൈകൾ .......................................11
വിരഹം ........................................................12
ഗണിത വിജ്ഞാനം........................................13-15
കേരളത്തിലെ പ്രധാന
വിനോദസഞ്ചാര കേന്ദ്രങ്ങൾ ......................16-25

പക ..............................................................26
കുട്ടികളുടെ ചിത്രങ്ങൾ...................................27-28

പാഠത്തിൽ നിന്ന് പാടത്തേക്ക് ..........................29
സ്പോർട്സ് ......................................................30
I am alone....................................................31

മഴയുടെ സംഗീതം..........................................32
1957 മുതലുള്ള മുഖ്യമന്ത്രിമാർ............................33
ഫോട്ടോ ഗാലറി...............................................34-35
Very Important &
Most Useful full form............................36

# ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ ഒരുലക്ഷത്തോളം കുട്ടികളെ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) നടപ്പാക്കിയ ഹായ് സ്കൂൾകുട്ടിക്കൂട്ടത്തെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിലാക്കിയാണ് ലിറ്റിൽ കൈറ്റ് നടപ്പാക്കുന്നത്.നേരത്തെ ഉൾപ്പെടുത്തിയിരുന്ന ഹാർഡ്വേർ, അനിമേഷൻ ഇലക്ട്രോണിക്സ്, മലയാളം കംപ്യൂട്ടിങ്, സൈബർ സുരക്ഷ, മൊബൈൽ ആപ് നിർമാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, ഇ-ഗവേൺസ്, വീഡിയോ ഡോക്യുമെന്റേഷൻ, വെബ് ടി.വി. തുടങ്ങി വിവിധ മേഖലകൾ ഇതിലടങ്ങും.വിശദവിവരങ്ങൾ www.kite.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്.......

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

**ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിൽ**

എഴിപ്പുറം എച്ച്.എസ്.എസ്സിൽ 2018 ജൂൺ മാസം ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിച്ചു. മാനേജർ ശ്രീ. അംബിക പദ്മാസനൻ യൂണിറ്റ് ഉദ്ഘാടനം നിർവഹിച്ചു. എച്ച്.എം ശ്രീ. യൂസഫ് സാർ, പി.റ്റി.എ പ്രസിഡന്റ് സലിം, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ശ്രീ.സുമേഷ് സാർ, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് ശ്രീ.സൗമ്യ എന്നിവർ യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു . ജൂൺ മാസം മുതൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം സ്കൂളിൽ ആരംഭിച്ചു. 21 അംഗങ്ങളാണ് യൂണിറ്റിൽ ഉള്ളത്. അംഗത്വ നമ്പർ: എൽ കെ /2018/41011



# അമ്മതൻ കൈകൾ



ജീവൻ നല്കിയൊരമ്മ
എന്റെ വീട്ടിലെ ഗൃഹനാഥയമ്മ
സ്നേഹത്തിന് പുഴയായൊരമ്മ
എൻ ജീവന്റെ ജീവനാം അമ്മ
എന്നുമെൻ തുണയായി നില്ലമെന്നമ്മ

GOURI R S
STD: X B

നേർവഴികാട്ടി തരുമെന്നമ്മ
എന്നമ്മയാണെന്നുമെൻ ജീവൻ
എൻ ജീവന്റെ സത്യമാണമ്മ
അമ്മതൻ സ്നേഹം ഞാനോർക്കും

അമ്മ പകർന്നിട്ടും വിദ്യതൻ നേട്ടങ്ങൾ
അമ്മതൻ സ്നേഹമാണെൻ ശക്തി
അതിൽ മാധുര്യം നിറയുന്നതോർമ്മ
എന്നെന്നും അമ്മയാണെൻ തണൽ
അമ്മയെന്ന ദീപനാളം
ദീപ്തമാക്കും ജീവിതത്തെ ........



# വിരഹം



വൃന്ദ . ബി

**STD : 10 B**

വിരഹം നിറഞ്ഞ എൻ ഓർമ്മകളെ
നീ എന്തിനു വന്നതെൻ ജീവിതത്തിൽ
ജീവന്റെ ജീവനെ കൊല്ലുവാനോ അതോ-
എന്റെ ഈ ജന്മം കെടുത്തുവാനോ?

വിരഹിയമായൊരെൻ ജീവിതത്തെ നീ-
വീണ്ടും ദുരന്തമായി തീർക്കരുതേ
തോൽവികൾ കൊണ്ട് മടുത്തു ഞാൻ
ഇന്നും കണ്ണീരു തീരാതെ നിന്ന് ഞാൻ
എന്തിനാണെന്തിനാ ദൈവമേ
കണ്ണീരോടുങ്ങാത്ത ഈ ജീവിതം.

ആരോട് ചൊല്ലുവാൻ, ആരാരു കേൾക്കുവാൻ
ആരൊരാൾ ഉണ്ടെന്നെ രക്ഷിക്കുവാൻ....
ആർക്കുമില്ലെന്നോട് സ്നേഹം
ആർക്കാർക്കു വേണ്ടി ഞാൻ ജീവിപ്പതെന്നൊരാ-
സംശയം മാത്രമെൻ ഉള്ളിൽ ബാക്കി ........



# ഗണിത വിജ്ഞാനം



ജ്യോതിക എസ് അനിൽ
**STD : 10 F**

- ഗണിതശാസ്ത്ര വർഷം- 2012
- ഗണിത ശാസ്ത്രദിനം – ഡിസംബർ 22
- രാമാനുജൻ ജനിച്ചവർഷം 1887 Dec:22
- രാമാനുജൻ സഖ്യ – 1729
- ഗണിത ശാസ്ത്രത്തിന്റെ പിതാവ് പൈഥഗോറസ്
- ആധുനിക ഗണിത ശാസ്ത്രത്തിന്റെ പിതാവ് -റെനെ ദെക്കാർത്തെ
- ജ്യാമിതിയുടെ പിതാവ്-യൂക്ലിഡ്

യൂക്ലിഡിന്റെ ഗണിത ശാസ്ത്ര ഗ്രന്ഥം-എലമെന്റ്സ്

- ഗണിത ശാസ്ത്രത്തിലെ ബൈബിൾ -എലമെൻററ്സ്
- ഭാരതത്തിലെ യൂക്ലിഡ് – ഭാസകരാചാര്യൻ
- ഗണിതം ഉപയോഗിച്ചുള്ള ചരിത്ര പഠന ശാഖ – ക്ലിയോമെട്രിക്സ്
- ഭൂമിയുടെ ചുറ്റളവ് കണ്ടു പിടിച്ചതാര്? ഇറാത്തോ സ്തനീസ്

- ഇറത്തോ സ്തനീസിന്റെ അരിപ്പ എന്തുമായി ബന്ധപ്പെട്ടിരിക്കുന്നത്- അഭാജ്യസംഖ്യകൾ
- ഗണിതത്തിലെ ആറ്റങ്ങൾ – അഭാജ്യ സംഖ്യകൾ
- പൂജ്യം കണ്ടു പിടിച്ചത് ഇന്ത്യാക്കാർ ആണ്
- പൂജ്യത്തെ പറ്റി ആദ്യമായി പഠനം നടത്തിയ ഭാരതീയ ഗണിത ശാസ്ത്രജ്ഞൻ?

ബ്രഹ്മപുത്രൻ

- സാഹിത്യത്തിന് നോബൽ സമ്മാനം നേടിയ ഗണിത ശാസ്ത്രജ്ഞൻ-ബർട്രാന്റ് റസ്സൽ
- ഗണം എന്ന ആശയം ആവിഷ്ക്കരിച്ചത് – ജോർജ് കാന്റർ
- ത്രികോണമിതി കണ്ടു പിടിച്ചത് -ഹിപ്പാർക്കസ്
- സമചിഹ്നം കണ്ടു പിടിച്ചത് – റോബർട്ട് റെക്കോർഡെ
- അധികം(+),ന്യൂനം(-)ചിഹ്നങ്ങൾ കണ്ടു പിടിച്ചത് -ജോഹൻ വിഡ്മ് മാൻ
- ഗണിത ശാസ്ത്രത്തിലെ രാജകുമാരൻ – കാറൽ ഫെഡറിക് ഗൗസ്
- ഗണിത ശാസ്ത്രത്തിന്റെ ഭാരതീയ രാജകുമാരൻ -ആര്യഭടൻ
- ഒരു ഭാരതിയ ഗണിത ശാസത്രജ്ഞന്റ നാമത്തിലുള്ള കൃത്രിമ ഉപഗ്രഹം -ആര്യഭട്ട

- മനുഷ്യ കമ്പ്യൂട്ടർ എന്ന പേരിലറിയപ്പെടുന്ന വനിത – ശകുന്തളാ ദേവി
- സംഖ്യകളുടെ പുസ്തകം എഴുതിയത്-ശകുന്തളാ ദേവി

ഒന്നിനോടൊപ്പം 100 പൂജ്യം ചേർന്നു വരുന്ന സംഖ്യ-ഗൂഗോൾ

- 1 നും 100 നും ഇടയിലുള്ള അഭാജ്യ സംഖ്യകളുടെ എണ്ണം – 25
- 10 വരെയുള്ള എണ്ണൽ സംഖ്യകളുടെ തുക – 55 ( നൂറ് വരെ 5050)
- നൂറ് വരെയുള്ള സംഖ്യകളിൽ എത്ര 9 കൾ ഉണ്ട്- 20
- റോമൻ രീതിയിൽ എഴുതുമ്പോൾ ഉപയോഗിക്കാത്ത സംഖ്യ – പൂജ്യം
- പൈ (π)യുടെ മൂല്യം 3.14 ( 22/7)
- ഗ്രാഫ് കണ്ടെത്തിയത് – ദെക്കാർത്തെ
- 10 അക്കങ്ങളുള്ള സംഖ്യാസമ്പ്രദായം ദശാംശ സംഖ്യാസമ്പ്രദായം
- 2 അക്കങ്ങൾ മാത്രമുള്ള സംഖ്യ സമ്പ്രദായം ‘ ബൈനറിസംഖ്യാസമ്പ്രദായം
- ബൈനറി സംഖ്യാസമ്പ്രദായത്തിലെ അക്കങ്ങൾ – 0 & 1

# കേരളത്തിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങൾ

## ആലപ്പുഴ






**ആസിയ എച്ച്**
*STD : IX B*
*LITTLE KITES*


*സ്ഥാനം* : ആലപ്പുഴ ടൗണിന് സമീപമാണ് ആലപ്പുഴ ബീച്ച്

കേരളത്തിന്റെ നാവിക ചരിത്രത്തിൽ സുപ്രധാന സ്ഥാനമാണ് കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ആലപ്പുഴയ്ക്കുള്ളത്. ഇപ്പോൾ മത്സരവള്ളംകളികളുടെയും, കനാലുകളുടെയും കയർ വ്യവസായത്തിന്റെ വിശാലമായ ബീച്ചിന്റെയും ഒക്കെ പേരിലാണ് ആലപ്പുഴ ഖ്യാതി നേടുന്നത്. ഒരു പ്രമുഖ പിക്നിക് കേന്ദ്രമാണ് ആലപ്പുഴ. 137 വർഷം പഴക്കമുള്ള പുരാതനമായ ഒരു കടൽപാലം ബീച്ചിലുണ്ട്. സമീപമുള്ള വിജയ ബീച്ച് പാർക്ക് കുട്ടികൾക്കും മുതിർന്നവർക്കും മാനസികോല്ലാസം പകരും. ബീച്ചിലെ പഴക്കം ചെന്ന ലൈറ്റ് ഹൗസും സഞ്ചാരികളെ ആകർഷിക്കുന്നു.

ഹൗസ്ബോട്ട് സഞ്ചാരമാണ് ആലപ്പുഴ പകരുന്ന മറ്റൊരു ഹൃദ്യാനുഭവം. പഴയ കെട്ടുവള്ളങ്ങളാണ് പരിഷ്കരിച്ച് ഹൗസ് ബോട്ടുകളാക്കി മാറ്റിയിരിക്കുന്നത്. ടൺ കണക്കിന് അരിയും സുഗന്ധദ്രവ്യങ്ങളും മറ്റും ദൂരെയുള്ള കമ്പോളങ്ങളിലെത്തിക്കാനാണ് മുൻപ് വലിയ കെട്ടുവള്ളങ്ങൾ ഉപയോഗിച്ചിരുന്നത്. മരപ്പലകകൾ കയറുപയോഗിച്ച് വരിഞ്ഞു കെട്ടി നിർമ്മിക്കുന്നതിനാലാണ് കെട്ടു വള്ളങ്ങൾക്ക് ആ പേരു ലഭിച്ചത്.

ആധുനിക കാലത്തെ ഹൗസ്ബോട്ടുകൾ ഒരാഡംബര ഹോട്ടലിലെ എല്ലാ സൗകര്യങ്ങളുമുള്ളവയാണ്. എയർ കണ്ടീഷൻ ചെയ്ത കിടപ്പുമുറികൾ, ആധുനിക ടോയ്‌ലറ്റ്, സ്വീകരണമുറി, അടുക്കള, ബാൽക്കണി തുടങ്ങിയവയെല്ലാം ഹൗസ്ബോട്ടിലുണ്ട്.

**യാത്രാസൗകര്യം**

- സമീപ റെയിൽവെ സ്റ്റേഷൻ : ആലപ്പുഴ ബീച്ചിൽ നിന്ന് 5 കി. മീ.
- സമീപ വിമാനത്താവളം : കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട്, ഏകദേശം 85 കി. മീ.

# മൂന്നാർ



തദ്ദേശ വിദേശ ടൂറിസ്റ്റുകൾക്കിടയിൽ കേരളത്തിന്റെ ജനപ്രീതി വർധിക്കുന്നതിൽ നിർണായക സംഭാവന നൽകിയ കേന്ദ്രമാണ് മൂന്നാർ. സമുദ്രനിരപ്പിൽ നിന്ന് 1600 മീറ്റർ ഉയരത്തിൽ മൂന്നു നദികൾ ഇവിടെ ഒന്നിച്ചു ചേരുന്നു.

വിശാലമായ തേയില തോട്ടങ്ങൾ, കോളോണിയൽ പാരമ്പര്യം പേറുന്ന ബംഗ്ലാവുകൾ, വെള്ളച്ചാട്ടങ്ങൾ, ശീതകാലാവസ്ഥ എന്നിവയാണ് മൂന്നാറിനെ ശ്രദ്ധേയമാക്കുന്നത്.ട്രക്കിംഗിനും മലനിരകളിലെ ബൈക്ക് സഞ്ചാരത്തിനും താത്പര്യമുള്ളവരെയും മൂന്നാർ നിരാശപ്പെടുത്തില്ല.

മൂന്നാറിനും പരിസര പ്രദേശത്തുമായി സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന കേന്ദ്രങ്ങൾ നോക്കാം.

## ഇരവികുളംഉദ്യാനം

മൂന്നാറിലെ ഏറ്റവും പ്രധാന ആകർഷണങ്ങളിലൊന്നാണ് ഇരവികുളം ദേശീയോദ്യാനം. മൂന്നാറിൽ നിന്ന് 15 കി. മീ. ദൂരെ സ്ഥിതി ചെയ്യുന്ന ഇവിടം വരയാടുകൾ എന്ന വംശനാശം നേരിടുന്ന ജീവിവർഗത്തിന്റെ സാന്നിദ്ധ്യം കൊണ്ട് ലോകശ്രദ്ധ നേടുന്നു. 97 ചതുരശ്ര കിലോമീറ്ററിലായി വ്യാപിച്ചു കിടക്കുന്ന ഈ ഉദ്യാനത്തിൽ അപൂർവ്വയിനം ചിത്രശലഭങ്ങൾ, ജന്തുക്കൾ, പക്ഷികൾ എന്നിവയുണ്ട്. മഞ്ഞു പുതപ്പിച്ച മലനിരകൾ, തേയില തോട്ടങ്ങൾ, എന്നിവ വശ്യമനോഹരമാക്കുന്ന ഈ പ്രദേശം ട്രക്കിംഗിൽ താൽപര്യമുള്ളവർക്ക് പൂർണ്ണ സംതൃപ്തി പകരും. നീലക്കുറിഞ്ഞികൾ പൂത്തിറങ്ങുന്ന കാലമാകുമ്പോൾ മലഞ്ചെരുവുകൾ നീല വിരിയിട്ട് സുന്ദരമാകും. 12 വർഷം കൂടുമ്പോഴാണ് പശ്ചിമഘട്ടത്തിലെ നീലക്കുറിഞ്ഞി ചെടികൾ പൂക്കുന്നത്. ഇതിന് മുമ്പ് ഇങ്ങനെ മലനിറഞ്ഞ് കുറിഞ്ഞി പൂത്തത് 2006 ലാണ്.

## ആനമുടി

ഇരവികുളം ദേശീയോദ്യാനത്തിനുള്ളിലാണ് ആനമുടി. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2700 മീറ്റർ ഉയരത്തിലുള്ള ആനമുടി തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ്. ഈ കൊടുമുടിയിലേക്കുള്ള യാത്രയ്ക്ക് വനം വന്യജീവി വകുപ്പിന്റെ പ്രത്യേകാനുമതി ആവശ്യമാണ്.

## മാട്ടുപെട്ടി

മൂന്നാർ പട്ടണത്തിൽ നിന്ന് 13 കി. മീ. അകലെയാണ് മാട്ടുപെട്ടി. സമുദ്രനിരപ്പിൽ നിന്ന് 1700 മീറ്റർ ഉയരത്തിലുള്ള ഇവിടെ ജലസംഭരണത്തിനുള്ള ചെറിയ അണക്കെട്ടും മനോഹരമായ തടാകവുമുണ്ട്. ഈ തടാകത്തിൽ സഞ്ചാരികൾക്ക് ബോട്ടിംഗ് നടത്താം. ഇൻഡോ-സ്വിസ് ലൈവ് സ്റ്റോക് പ്രൊജക്ട് എന്ന ഡയറി ഫാമാണ് മാട്ടുപെട്ടിയിലെ ശ്രദ്ധേയമായ മറ്റൊരു കേന്ദ്രം. അത്യൽപാദനശേഷിയുള്ള ഒട്ടേറെ കന്നുകാലിയിനങ്ങൾ ഇവിടെയുണ്ട്. ചോല വനങ്ങളും തേയിലത്തോട്ടങ്ങളും നിറഞ്ഞ ഈ പ്രദേശം വിവിധയിനം പക്ഷികളുടെ താവളം കൂടിയാണ്.

## പള്ളിവാസൽ

മൂന്നാറിലെ ചിത്തിരപുരത്തു നിന്ന് 3 കി. മീ. അകലെ സ്ഥിതി ചെയ്യുന്ന പള്ളിവാസലിലാണ് കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി. പ്രകൃതി ഭംഗിയാലനുഗ്രഹീതമായ പള്ളിവാസലിലും ധാരാളം വിനോദസഞ്ചാരികൾഎത്താറുണ്ട്.

## ചിന്നക്കനാൽ

മൂന്നാറിനു സമീപമുള്ള ചിന്നക്കനാലിന്റെ മുഖ്യ ആകർഷണം സമുദ്രനിരപ്പിൽ നിന്ന് 2000 മീറ്റർ ഉയരത്തിലുള്ള ഒരു പാറയിൽ നിന്നുള്ള വെള്ളച്ചാട്ടമാണ്. പവർഹൗസ് വെള്ളച്ചാട്ടമെന്നാണ് ഇത് അറിയപ്പെടുന്നത്.

## ആനയിറങ്ങൽ

ചിന്നക്കനാലിൽ നിന്ന് ഏഴ കിലോമീറ്റർ യാത്ര ചെയ്താൽ ആനയിറങ്ങലിലെത്താം. തേയിലച്ചെടികളുടെ ഈ പരവതാനിയിലേക്ക് മൂന്നാർ പട്ടണത്തിൽ നിന്ന് 22 കി. മീ ദൂരം. അണക്കെട്ടിന്റെ റിസർവോയറാണ് ഇവിടുത്തെ കാഴ്ച. അണക്കെട്ടിനു ചുറ്റുമായി തേയില തോട്ടങ്ങളും നിത്യഹരിത വനങ്ങളുമുണ്ട്.

## ടോപ്സ്റ്റേഷൻ

സമുദ്രനിരപ്പിൽ നിന്ന് 1700 മീറ്റർ ഉയരത്തിലാണ് മൂന്നാറിൽ ന്ിന്ന് 3 കി. മീ. ദൂരത്തുള്ള ടോപ് സ്റ്റേഷൻ.

മൂന്നാർ - കൊടൈക്കനാൽ റോഡിലെ ഏറ്റവും ഉയർന്ന പ്രദേശമാണിത്. ഇവിടെ നിന്നാൽ മൂന്നാർ മാത്രമല്ല അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ ചില പ്രദേശങ്ങൾ കൂടി വീക്ഷിക്കാനാവും. നീലക്കുറിഞ്ഞി പൂക്കുന്ന പ്രദേശംകൂടിയാണിവിടം.

## തേയിലമ്യൂസിയം

മൂന്നാർ തോട്ടങ്ങളുടെ നാടാണ്. ഈ നാടിന്റെ പാരമ്പര്യമായ തേയിലക്കൃഷിയുടെ വികാസ പരിണാമങ്ങൾ ദൃശ്യവൽക്കരിക്കുന്ന ഒരു മ്യൂസിയം മൂന്നാറിലെ നല്ലത്താണി എസ്റ്റേറ്റിലുണ്ട്. ടാറ്റാ ടീ കമ്പനിയാണ് ഈ മ്യൂസിയം സജ്ജീകരിച്ചിരിക്കുന്നത്. തേയില ഉൽപാദനത്തിന്റെ കഥ വിവരിക്കുന്ന നിരവധി ഫോട്ടോകൾ, യന്ത്രസാമഗ്രികൾ, കൗതുക വസ്തുക്കൾ എന്നിവ ഈ മ്യൂസിയത്തിലുണ്ട്.

**യാത്രാസൗകര്യം**

- സമീപ റെയിൽവെ സ്റ്റേഷൻ : - തേനി (തമിഴ്നാട്), ഏകദേശം 60 കി. മീ.; ചങ്ങനാശ്ശേരി, ഏകദേശം 93 കി. മീ.
- സമീപ വിമാനത്താവളം : - മധുര (തമിഴ്നാട്) ഏകദേശം 140 കി. മീ.; കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് നെടുമ്പാശ്ശേരി, ഏകദേശം 190 കി. മീ.

## തേക്കടി

സമുദ്രനിരപ്പിൽ നിന്ന് 900 മുതൽ - 1800 വരെ മീറ്റർ ഉയരത്തിലാണ് തേക്കടിയും പരിസരവും.

മഴ 2500 മി.മീറ്റർ.

തേക്കടി എന്ന് കേട്ടാലുടൻ മനസ്സിൽ വരുന്നത് സ്വതന്ത്രമായി വിഹരിക്കുന്ന ആനക്കൂട്ടങ്ങളും സുഗന്ധവിളതോട്ടങ്ങളുമാണ്.

തേക്കടിയിലെ വനപ്രദേശങ്ങൾ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച വന്യജീവി സങ്കേതമാണ്.

ജില്ലയിലെമ്പാടുമായി വ്യാപിച്ചുകിടക്കുന്ന തേയില തോട്ടങ്ങളും കുന്നിൻപുറ പട്ടണങ്ങളും കൊണ്ട് ശ്രദ്ധേയമായ ഈ പ്രദേശങ്ങൾ ട്രക്കിംഗിൽ താത്പര്യമുള്ളവരെ ഏറെ ആകർഷിക്കും

*റോഡ് മാർഗ്ഗമുള്ള യാത്ര*

കുമളിയിൽ നിന്ന് വിവിധ കേന്ദ്രങ്ങളിലേക്ക് എപ്പോഴും ബസ് ലഭിക്കും.

*തേക്കടിയിൽ നിന്ന് പ്രമുഖ പട്ടണങ്ങളിലേക്കുള്ള ദൂരം*

- കുമളി 4 കി.മി. ( 15 മിനിട്ട്)
- പുല്ലുമേട് 50 കി.മി. ( 2 മണിക്കൂർ)
- ഇടുക്കി 65 കി.മി. (2 1/2 മണിക്കൂർ)
- മൂന്നാർ 106 കി.മി. (4 മണിക്കൂർ)
- കുമരകം. 128 കി.മി. (4 മണിക്കൂർ)
- എരുമേലി 134 കി.മി. (4 മണിക്കൂർ)
- കൊടൈക്കനാൽ 149 കി.മി. (5 മണിക്കൂർ)
- ആലപ്പുഴ 164 കി.മി. (5 മണിക്കൂർ)
- കൊല്ലം 220 കി.മി. (6 മണിക്കൂർ)
- ഊട്ടി 390 കി.മി. (11 മണിക്കൂർ)

*കുമളിയിൽ നിന്നുള്ള ബസുകളുടെ സമയക്രമം.*

- തേക്കടി 9.30,10.45, 11.30, 12.00, 12.30, 13.30, 15.30, hrs.
- കുമരകം 7 00 hrs.
- മൂന്നാർ 6.00. hrs, 09.45 Hrs., 13.30 hrs.
- എറണാകുളം 07.00 , 13.30,15.15, 16.30, 17:15, 19:30. hrs
- തിരുവനന്തപുരം (കുമളിയിൽ നിന്ന്) 08.40,15.30,16.15 hrs (തേക്കടിയിൽ നിന്ന്) 08.20, 15.15 hrs
- കോട്ടയത്തിന് എപ്പോഴും ബസ് ലഭിക്കും
- ആലപ്പുഴ 11.15 hrs
- ചേർത്തല 14.15 hrs
- ഇടുക്കിക്ക് എപ്പോഴും ബസ് ലഭിക്കും
- ചെന്നൈ 16.30, 19.00 hrs
- പോണ്ടിച്ചേരി 16.30 , hrs
- മധുര എപ്പോഴും ബസ് ലഭിക്കും
- ഡിണ്ടിഗൽ എപ്പോഴും ബസ് ലഭിക്കും
- കൊടൈക്കനാൽ : കുമളിയിൽ നിന്ന് കൊടൈക്കനാലിലേക്ക് നേരിട്ട് ബസില്ല. ഡിണ്ടിഗൽ ബസിൽ

- വാതലകുണ്ടിലിറങ്ങിയാൽ അവിടെ നിന്ന് കൊടൈക്കനാൽ ബസ് എപ്പോഴുമുണ്ടാകും. 149. കി.മി.
- ട്രിച്ചി 08.55, 10.45 19.25 hrs. പളനി. 09.30, 11.35, 18.30, 18.50 hrs

**സസ്യജാലം**

ഏകദേശം 1965 പുഷ്പിക്കുന്ന സസ്യങ്ങൾ ഇവിടെയുണ്ട്. പുൽവർഗ്ഗത്തിൽപ്പെട്ട 171 ചെടികളും 143 തരം ഓർക്കിടുകളും മൂന്നാറിൽ കാണാം.

*ജന്തു ജാലം*

*സസ്തനികൾ* : കാട്ടാന, മ്ലാവ്, മാൻ, വരയാട്, തുടങ്ങിയവയ്ക്കു പുറമെ വംശനാശം നേരിടുന്ന സിംഹവാലൻ കുരങ്ങ് , മലയണ്ണാൻ, കടുവ, കാട്ടുപൂച്ച, തുടങ്ങി നിരവധി ജീവികളെ ഇവിടെ കണ്ടെത്താനാവും.

*പക്ഷികൾ* : ദേശാടന പക്ഷികൾ ഉൾപ്പെടെ 265 ഇനം പക്ഷികൾ ഇവിടെയുണ്ട്. മരംകൊത്തി, പൊൻമാൻ, വേഴാമ്പൽ, കാട്ടുമൈന, തുടങ്ങിയവ ഇതിൽ ചിലതു മാത്രം.

*ഉരഗങ്ങൾ* : മൂർഖൻ, അണലി, തുടങ്ങിയവയ്ക്കു പുറമെ നിരവധി വിഷമില്ലാത്ത പാമ്പുകളും ഈ മലനിരകളിലും താഴ്‌വരകളിലുമുണ്ട്.

*ഉഭയ ജീവികൾ* : വിവിധ തരത്തിലുള്ള തവളകളാണ് ഉഭയജീവികളുടെ പട്ടികയിലുള്ളത്.

പെരിയാർ തടാകത്തിലും സമീപ ജലാശയങ്ങളിലും വ്യത്യസ്തമായ മത്സ്യ സമ്പത്തുണ്ട്. തടാകത്തിലെ ഏക സസ്തനിയായ നിർനായെയും ഇടയ്ക്കിടെ കാണാം.

*തോട്ടങ്ങൾ* : തേയില, ഏലം, കുരുമുളക്, കാപ്പി, എന്നിവ കൃഷി ചെയ്യുന്നവയാണ് ഇവിടുത്തെ തോട്ടങ്ങൾ.

*വാച്ച് ടവറുകൾ* : പെരിയാർ വനത്തിനുള്ളിൽ രണ്ട് വാച്ച് ടവറുകളാണുള്ളത്. തേക്കടി ഫോറസ്റ്റ് ഇൻഫർമേഷൻ സെന്ററിൽ വാച്ച് ടവർ ബുക്ക് ചെയ്യാം. ഫോൺ : 322028

*അനുവാദം നൽകേണ്ട ഉദ്യോഗസ്ഥൻ* : വൈൽഡ്‌ലൈഫ് പ്രിസർവേഷൻ ഓഫീസർ. പെരിയാർ ടൈഗർ റിസർവ്്, തേക്കടി.

## കുമരകം



*സ്ഥാനം* : മധ്യ കേരളത്തിൽ കോട്ടയം പട്ടണത്തിൽ നിന്ന് 16 കി. മീ. അകലെ.

ഒരു കൂട്ടം ചെറു ദ്വീപുകളുടെ കൂട്ടമായ കുമരകത്ത് 14 ഏക്കറിലായി പരന്നു കിടക്കുന്ന ഒരു പക്ഷിസങ്കേതമുണ്ട്. ദേശാടനക്കിളികളുടെ പ്രിയതാവളമായ ഇവിടം പക്ഷിനിരീക്ഷകരുടെ പറുദീസ തന്നെയാണ്. കൊറ്റികൾ, പൊന്മാനുകൾ, ഞാറ, കുയിൽ, ഇരണ്ട, കുളക്കോഴി, താറാവ് തുടങ്ങിയവയ്ക്കൊപ്പം ദേശാടനപക്ഷികളായ സൈബീരിയൻ കൊറ്റികളും കൂട്ടങ്ങളായി കുമരകത്ത് തമ്പടിച്ചിരിക്കുന്നു. പക്ഷി നിരീക്ഷണത്തിന് ഏറ്റവും ഉചിതമായത് ഒരു ബോട്ട് സഞ്ചാരമാണ്.

കുമരകത്തെ ഉല്ലാസ സാധ്യതകൾ ഇവിടെ തീരുന്നില്ല. ഒരു പഴയ കാല ബംഗ്ലാവ് സഞ്ചാരികൾക്കു വേണ്ടി റിസോർട്ടാക്കി പരിവർത്തനം ചെയ്തു. താജ് ഗാർഡൻ റിട്രീറ്റിൽ ബോട്ടിംഗിനും ചൂണ്ടയിടലിനുമൊക്കെ സൗകര്യമുണ്ട്.

കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ വാട്ടർസ്കേപ്സിൽ തെങ്ങിൻ തോപ്പുകളുടെ ഇടയിലുള്ള കോട്ടേജുകളാണുള്ളത്.

**യാത്രാസൗകര്യം**

- സമീപ റെയിൽവെ സ്റ്റേഷൻ : കോട്ടയം 16 കി. മീ. അകലെ
- സമീപ വിമാനത്താവളം : കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് നെടുമ്പാശ്ശേരി, കോട്ടയത്തു നിന്ന് 76 കി. മീ. അകലെ.

# വയനാട്



*വിസ്തൃതി* : 2132 ചതുരശ്ര കി. മീ.

*ജനസംഖ്യ* : 6,71,195 (2001 -ലെ സെൻസസ് പ്രകാരം)

സമുദ്രനിരപ്പിൽ നിന്ന് 700 മുതൽ 2100 വരെ മീറ്റർ ഉയരത്തിലാണ് വയനാട്ടിലെ വിവിധ പ്രദേശങ്ങൾ.

2132 ചതുരശ്ര കി. മീ. സ്ഥലത്തായി പശ്ചിമഘട്ടപ്രദേശത്ത് പരന്നു കിടക്കുന്ന വയനാട് ജില്ല ജൈവ വൈവിധ്യത്താൽ സമ്പന്നമാണ്. ഇന്നും ആധുനിക നാഗരികത കടന്നു ചെല്ലാത്ത ആദിവാസി ഗോത്രസമൂഹങ്ങൾ ഇവിടെ ജീവിക്കുന്നുണ്ട്. കേരളത്തിലെ ഏറ്റവും പഴക്കമുള്ള ശിലാരേഖകൾ ഇവിടെയാണ്. അമ്പലവയലിനു സമീപം ഇടക്കൽ ഗുഹയിലുള്ള ശിലാചിത്രങ്ങൾ ചരിത്രാതീത കാലത്തു തന്നെ സമ്പന്നമായ ഒരു സംസ്കൃതി ഇവിടെ നിലനിന്നിരുന്നു എന്നതിന്റെ തെളിവാണ്. ദൃശ്യചാരുതയാർന്ന കുന്നിൻ ചരിവുകൾ, സുഗന്ധ വ്യഞ്ജനതോട്ടങ്ങൾ, വനങ്ങൾ, സമ്പന്നമായ സാംസ്കാരിക പാരമ്പര്യം തുടങ്ങിയവയെല്ലാം വയനാടിനെ വ്യത്യസ്തമാക്കുന്നു. ഡക്കാൺ പീഢ ഭൂമിയുടെ തെക്കേ അഗ്രത്താണ് വയനാടിന്റെ സ്ഥാനം ഭൗമ ശാസ്ത്രജ്ഞർ അടയാളപ്പെടുത്തുന്നത്.

- സമീപ റെയിൽവെ സ്റ്റേഷൻ : കോഴിക്കോട്
- സമീപ വിമാനത്താവളം : കോഴിക്കോട്

*ജില്ലയിലെ പ്രമുഖ പട്ടണങ്ങളും റെയിൽവെ സ്റ്റേഷനും തമ്മിലുള്ള അകലം.*

- കൽപറ്റ : കോഴിക്കോട് നിന്ന് 72 കി. മീ.
- മാനന്തവാടി : തലശ്ശേരിയിൽ നിന്ന് 80 കി. മീ. / കോഴിക്കോട് നിന്ന് 106 കി. മീ.
- സുൽത്താൻ ബത്തേരി : കോഴിക്കോട് നിന്ന് 97 കി. മീ.
- വൈത്തിരി : കോഴിക്കോട് നിന്ന് 60 കി. മീ.

*റോഡ് മാർഗ്ഗം :* കോഴിക്കോട്, കണ്ണൂർ, ഊട്ടി, മൈസൂർ (കൽപറ്റ നിന്ന് 140 കി. മീ. ) എന്നിവിടങ്ങളിൽ നിന്നെല്ലാം വയനാട് റോഡുമാർഗ്ഗം ബന്ധപ്പെട്ടു കിടക്കുന്നു.

**ചെമ്പ്ര കൊടുമുടി**

സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 2100 മീറ്റർ ഉയരത്തിൽ വയനാടിനു തെക്ക് മേപ്പാടിക്കു സമീപമാണ് ചെമ്പ്ര കൊടുമുടി സ്ഥിതി ചെയ്യുന്നത്. മലകയറ്റക്കാരുടെ ശാരീരിക ക്ഷമതയെ പരീക്ഷിക്കുന്ന ചെമ്പ്ര ഈ പ്രദേശത്തെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ്. ചെമ്പ്ര കൊടുമുടി കയറിയിറങ്ങാൻ ഒരു ദിവസം മുഴുവൻ വേണ്ടി വരും. കൊടുമുടിയുടെ മുകളിൽ താമസിച്ചാൽ അവിസ്മരണീയമായ ഒരനുഭവമായിരിക്കും അത്.

ചെമ്പ്രയിൽ താമസ സൗകര്യം ആഗ്രഹിക്കുന്നവർ കൽപ്പറ്റയിലുള്ള ജില്ലാ ടൂറിസം കൗൺസിൽ ഓഫിസുമായി ബന്ധപ്പെടുക.

**നീലിമല**

വയനാടിന്റെ തെക്കുകിഴക്കേ ഭാഗത്തു സ്ഥിതി ചെയ്യുന്ന നീലിമലയിലേക്ക് കൽപ്പറ്റയിൽ നിന്നോ സുൽത്താൻ ബത്തേരിയിൽ നിന്നോ എത്തിച്ചേരാം. ട്രക്കിംഗിനുള്ള നിരവധി കാനന പാതകൾ ഇവിടെയുണ്ട്. നീലിമലയുടെ മുകളിൽ നിന്നും മീൻമുട്ടി വെള്ളച്ചാട്ടം കാണാം.

**മീൻമുട്ടി**

നീലിമലയ്ക്കു തൊട്ടടുത്തായി കാണപ്പെടുന്ന മീൻമുട്ടി വെള്ളച്ചാട്ടത്തിലേക്ക് വയനാടിനെ ഊട്ടിയുമായി ബന്ധിപ്പിക്കുന്ന പ്രധാന വഴിയിൽ നിന്ന് 2 കി.മീ ദൂരം മാത്രമേ ഉള്ളൂ. 300 മീറ്റർ ഉയരത്തിൽ നിന്നുള്ള ഈ വെള്ളച്ചാട്ടം മൂന്നു തട്ടുകളായാണ് താഴേക്കു പതിക്കുന്നത്. വയനാട് ജില്ലയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമാണ് മീൻമുട്ടി.

**ചെതലയം**

വയനാടിന്റെ വടക്കൻ ഭാഗത്ത് സുൽത്താൻ ബത്തേരിക്ക് സമീപമാണ് ചെതലയം വെള്ളച്ചാട്ടം കാണപ്പെടുന്നത്. മീൻമുട്ടിയുമായി താരതമ്യപ്പെടുത്തിയാൽ ചെതലയം ചെറിയ വെള്ളച്ചാട്ടമാണ്. പക്ഷിനിരീക്ഷകരുടെയും ട്രക്കിംഗ് പ്രിയരുടെയും ഇഷ്ട സ്ഥലമാണ.് ചെതലയത്തിന്റെ പരിസര പ്രദേശങ്ങൾ.

**പക്ഷി പാതാളം**

സമുദ്രനിരപ്പിൽ നിന്ന് 1700 ലധികം മീറ്റർ ഉയരത്തിൽ ബ്രഹ്മഗിരി കുന്നുകളിൽ വനത്തിനുള്ളിലാണ് പക്ഷിപാതാളം. ഭീമാകാരമായ പാറകൾ കൊണ്ട് സമൃദ്ധമായ ഇവിടെ നിരവധി ഗുഹകൾ കാണപ്പെടുന്നു. അപൂർവ്വ പക്ഷി മൃഗാദികളും ചെടികളും നിറഞ്ഞ പക്ഷി പാതാളം മാനന്തവാടിക്കു സമീപമാണ്. തിരുനെല്ലിയിൽ നിന്ന് നിബിഡ വനത്തിലൂടെ 7 കിലോമീറ്റർ സഞ്ചരിച്ചാലേ ഇവിടെ എത്തിച്ചേരാനാകൂ.

നോർത്ത് വയനാട് DFO യിൽ നിന്ന് ഇതിനുള്ള പ്രത്യേക അനുമതിയും വാങ്ങണം.

**ബാണാസുര സാഗർ അണക്കെട്ട്**

മണ്ണു കൊണ്ട് നിർമ്മിച്ച ഇന്ത്യയിലെ ഏറ്റവും വലിയ അണക്കെട്ടാണ് ബാണാസുര സാഗർ. വയനാടിന്റെ തെക്കു പടിഞ്ഞാറൻ ഭാഗത്ത് കരലാട് തടാകത്തിനു സമീപമാണ് അണക്കെട്ട് സ്ഥിതി ചെയ്യുന്നത്.അണക്കെട്ടിന്റെ റിസർവോയറിൽ നിരവധി ചെറുദ്വീപുകൾ കാണാം. ഇവിടെ നിന്ന് ബാണാസുര സാഗർ മലയിലേക്ക് ട്രക്കിംഗ് നടത്താവുന്നതാണ്.

വയനാടിന്റെ ഗന്ധവും ശബ്ദവും ആസ്വദിച്ച് കഴിഞ്ഞാൽ ഇവിടെ നിന്ന് തനിമയാർന്ന എന്തെങ്കിലും ഉൽപ്പന്നങ്ങൾ വാങ്ങാതിരിക്കാനാവില്ല. കാപ്പി, തേയില, സുഗന്ധ ദ്രവ്യങ്ങൾ, തേൻ, മുള ഉൽപ്പന്നങ്ങൾ, ഔഷധച്ചെടികൾ അങ്ങനെ പലതും ഇവിടെ നിന്ന് വാങ്ങാവുന്നതാണ്.

# പക



ഗായത്രി എസ്
STD: 8 F

പകയുണ്ട് കനലുണ്ട് നാടിന്റെ
തെരുവുകൾ ബാക്കിയായി
അഗ്നിയെ സാക്ഷിയായി
നാടിനെ സാക്ഷിയായി
നീരീകരിഞ്ഞൊരു ലോകം

നേട്ടങ്ങളിൽ മുഴുകിയിരിക്കുന്നൊരു
മാനവഃ ജാതികൾ ഓരോർത്തരും
മനുഷ്യന്റെ മറവിൽ ഒളിഞ്ഞിരിക്കുന്നൊരീ
വൻ കഴുകന്റെ കൂട്ടായ്മ




കാലത്തിൻ കാലുകൾ കാനന
ദ്വീതിപോൽ ആരും അറിയാതെ മരിച്ചു വീണു.
കാലമേ നീ ചിതാസര ചിന്തയിൽ
കസ്തൂരിപോലെ തിളങ്ങുമോ?
പറയുക പറയുക ലോകമേ നീ നിന്റെ
വിറങ്ങലിപ്പിന്റെ അനുഭവങ്ങൾ
ആരും അറിയാത്ത നിന്റെ കനലഴിഞ്ഞ
നേരിനെയും നേരറിവിനേയും

ആ കുഞ്ഞുപുഷ്പത്തിൻ വേരുകൾ പുഴുതുമറിച്ച
മനുഷ്യാ നിന്റെ കടന്നുകയറ്റം തീർന്നില്ലയോ?
എവിടെയോപോയി മറഞ്ഞിക്കുന്നൊരീ
മാനവകുലത്തിൻ മനുഷ്യബന്ധങ്ങൾ
ഓർക്കുക നീ മൃത്യുനേ ആ നാൾ
നിന്റെ കടന്നുകയറ്റം മൂലം നീയും വിറങ്ങലിക്കുമെന്ന് ......

# കുട്ടികളുടെ ചിത്രങ്ങൾ



ശ്രീ ലക്ഷ്മി
8 A




അനന്ദു
8 B



ആദിത്യൻ
**STD : 8B**



**Prajeesh**
**IX A**




**NANDHANA**
**STD : VIII F**

# പാഠത്തിൽ നിന്ന് പാടത്തേക്ക്









# SPORTS







# I AM ALONE..................



**ASWATHY. M**
**Std : IX E**

*I am alone.....*
*I am fully alone...*
*In my thoughts and memmories,*
*My loneliness is my hero?*

*The dark clouds speaks to sun,*
*The green leaves chatwith rain,*
*The butterflies dance with flowers,*
*I am sitting alone in the crowd.*

*I want a touch of god;*
*To put an end to my lonely life;*
*Once I got a beautiful doll,*
*I shared my thoughts to her.*

*When I shared my thoughts*
*I felt the flow of happiness*
*The disturbing thoughts vanished...*
*I took my book and study.....*

*I am not alone.....*
*I am not fully alone...*
*In my thoughts and memmories,*
*My loneliness is not my hero*

# മഴയുടെ സംഗീതം

മുറ്റത്തു പെയ്യുന്ന മഴ സംഗീതം
എന്നും എനിക്കിഷ്ടമാണ്.
തൊട്ടിലാട്ടുന്നൊരമ്മ താരത്തിനും
ഈ ഈണമായിരുന്നു.

ഞാനോർക്കുന്നു ഇങ്ങനൊരു
പെരുമഴക്കാലത്താണെൻ അച്ഛൻ,
തൊപ്പിക്കുടചൂടാതിറങ്ങിപ്പോയത്.
അന്ന് മഴതീരുംമുമ്പ് എന്നമ്മയും
ഒളിച്ചിറങ്ങിപ്പോയി .....
പ്രഭാതം പുതപ്പഴിച്ചുവന്നിട്ടും,
തോരാത്ത കണ്ണീർ മാത്രം ബാക്കിനിന്നു.

എന്നുമെൻ കിനാവിന്റെ ഏദൻതോട്ടങ്ങളിൽ
അച്ഛന്റെ കൈയും പിടിച്ചെന്റമ്മ വരും.
നിദ്ര മറന്ന എൻ മിഴികളിലെ കണ്ണീരിനും
മുറ്റത്ത് പെയ്യും മഴക്കുമോരേ സംഗീതം..........



**Amina B**
**STD : 10 E**

SANDRA S
IX B
LITTLE KITES

# 1957 മുതലുള്ള മുഖ്യമന്ത്രിമാർ

| മുഖ്യമന്ത്രിയുടെ പേര് | കാലയളവ് |
|---|---|
| ശ്രീ ഇ.എം.എസ് നമ്പൂതിരിപ്പാട് | ഏപ്രിൽ 5, 1957 -ജൂലൈ 31, 1959 |
| ശ്രീ പട്ടം എ. താണുപിള്ള | ഫെബ്രുവരി 22, 1960 -സെപ്റ്റംബർ26, 1962 |
| ശ്രീ ആർ. ശങ്കർ | സെപ്റ്റംബർ 26, 1962 -സെപ്റ്റംബർ10, 1964 |
| ശ്രീ ഇ.എം.എസ് നമ്പൂതിരിപ്പാട് | മാർച്ച് 6, 1967 -നവംബർ 1, 1969 |
| ശ്രീ സി. അച്യുതമേനോൻ | നവംബർr 1, 1969 -ഓഗസ്റ്റ് 1, 1970 |
| ശ്രീ സി. അച്യുതമേനോൻ | ഒക്ടോബർ 4, 1970 -മാർച്ച് 25, 1977 |
| ശ്രീ കെ. കരുണാകരൻ | മാർച്ച് 25, 1977 -ഏപ്രിൽ 25, 1977 |
| ശ്രീ എ.കെ. ആന്റണി | ഏപ്രിൽ 27, 1977 - ഒക്ടോബർ 27, 1978 |
| ശ്രീ പി.കെ. വാസുദേവൻ നായർ | ഒക്ടോബർ 29, 1978 -ഒക്ടോബർ 7, 1979 |
| ശ്രീ സി.എച്ച്. മുഹമ്മദ് കോയ | ഒക്ടോബർ 12, 1979 -ഡിസംബർ 1, 1979 |
| ശ്രീ ഇ.കെ. നായനാർ | ജനുവരി 25, 1980 - ഒക്ടോബർ 20, 1981 |
| ശ്രീ കെ. കരുണാകരൻ | ഡിസംബർ 28, 1981 - മാർച്ച് 17, 1982 |
| ശ്രീ കെ. കരുണാകരൻ | മേയ് 24, 1982 -മാർച്ച്25, 1987 |
| ശ്രീ ഇ.കെ. നായനാർ | മാർച്ച് 26, 1987 - ജൂൺ 17, 1991 |
| ശ്രീ കെ. കരുണാകരൻ | ജൂൺ 24, 1991 - മാർച്ച് 16, 1995 |
| ശ്രീ എ.കെ. ആന്റണി | മാർച്ച് 22, 1995 -മേയ്9, 1996 |
| ശ്രീ ഇ.കെ. നായനാർ | മേയ് 20, 1996 -മേയ് 13, 2001 |
| ശ്രീ എ.കെ. ആന്റണി | മേയ് 17, 2001 - ഓഗസ്റ്റ്29, 2004 |
| ശ്രീ ഉമ്മൻ ചാണ്ടി | ഓഗസ്റ്റ് 31, 2004 - മേയ് 12, 2006 |
| ശ്രീ വി.എസ്. അച്യുതാനന്ദൻ | മേയ് 18, 2006 - മേയ് 14, 2011 |
| ശ്രീ ഉമ്മൻ ചാണ്ടി | മേയ് 18, 2011 - മേയ് 20, 2016 |
| ശ്രീ പിണറായി വിജയൻ | മേയ് 25, 2016 - |

## *PHOTO GALLERY*










**PHOTO GALLERY**









# Very Important & Most Useful full form



AGIL
STD : IX F

**PAN – permanent account number.**

**PDF – portable document format.**

**SIM – Subscriber Identity Module.**

**ATM – Automated Teller machine.**

**IFSC – Indian Financial System Code.**

**FSSAI(Fssai) – Food Safety & Standards Authority of India.**

**Wi-Fi – Wireless fidelity.**

**GOOGLE – Global Organization Of Oriented Group Language Of Earth.**

**YAHOO – Yet Another Hierarchical Officious Oracle.**

**WINDOW – Wide Interactive Network Development for Office work Solution.**

**COMPUTER – Common Oriented Machine. Particularly United and used under Technical and Educational Research.**

# ബാല്യത്തിന്റ നിറം

**ഓർക്കുന്നു ഞാനെന്റെ ബാല്യം**

**ഓർമ്മയിൽ തെളിയുന്ന ചിത്രം**

**ഇന്നലെ രാത്രിയിൽ അച്ഛന്റ വാക്കുകൾ**

**അമ്മയിൽനിന്നും അറിഞ്ഞു**

**ഉണ്ണിതൻ ജോലിക്കു കിട്ടുമോ പ്രതിഫലം**

**ഉത്ക്കണ്ഠതൻ ചൂടറിഞ്ഞു**

**വർഷങ്ങൾ പലതും കടന്നുപോയെങ്കിലും**

**പുത്തനുടുപ്പൊന്നുകിട്ടിയില്ലെങ്കിലും**

**ഇവ്വിധം അച്ഛന്റെ ആഗ്രഹമേറ്റിട്ട്**

**പുത്തനുടുപ്പെന്നൊരാശ....**

**SREEKUTTY.R**
**VIII C**


thank you